**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3777

20.10.2016- ൽ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ പട്ടയം

ചോദ്യം

ശ്രീ.എം.രാജഗോപാലൻ

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ കളക്ടറേറ്റിലും, മറ്റ് റവന്യൂ ഓഫീസു കളിലുമായി നിലവിൽ പട്ടയം കിട്ടാത്തവരുടെ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കല്പിക്കാതെ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര അപേക്ഷകൾ ഇതു സംബന്ധിച്ച് ലഭിച്ചിട്ടുണ്ട്; ജില്ലയിൽ തന്നെ പരിഹരിക്കാൻ കഴിയുന്ന എത്ര അപേക്ഷകളുണ്ട്;

(സി) പൊതുജനങ്ങൾ നൽകിയ പട്ടയ അപേക്ഷയിൽ ഓരോന്നിലും ഇതുവരെയുണ്ടായ കാലതാമസം എത്രയെന്ന് അപേക്ഷ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ പട്ടയം ലഭിക്കാൻ ഇനിയും എത്ര കാലതാമസമുണ്ടാകും;വ്യക്തമാക്കുമോ?

(എ) (ബി) (സി) & (ഡി) കാസർഗോഡ് ജില്ലയിൽ ജില്ലാ കളക്ടറേറ്റിലും,മറ്റ് റവന്യൂ ഓഫീസുകളിലുമായി പട്ടയം സംബന്ധിച്ച് തീർപ്പ് കൽപ്പിക്കാത്ത 2161 അപേക്ഷകളാണ് നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 737 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഭൂമിപതിവ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം മുഴവൻ അപേക്ഷകളിലും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചു വരുന്നു. പുതിയ എൽ.എ കമ്മിറ്റി രൂപീകരിക്കുന്ന മുറയ്ക്ക് ഭൂമി പതിവിനുള്ള അപേക്ഷകളിൽ അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്

സെക്ഷൻ ഓഫീസർ